# മാറ്റൊലി

## അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 - 2026

# ഗവൺമെന്റ് എൽ. പി. എസ്

## പൂവണത്തുംമൂട്

# മാറ്റൊലി

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

## ഗവൺമെന്റ് എൽ.പി.എസ്

### പൂവണത്തുംമൂട്

| | | |
|---|---|---|
| ക്ലസ്റ്റർ | : | പൂവണത്തുംമൂട് |
| സബ്ജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസജില്ല | : | ആറ്റിങ്ങൽ |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| വാർഡ് | : | 1 (കോട്ടുകുന്നം) |
| പഞ്ചായത്ത് | : | നെല്ലനാട് |
| താലൂക്ക് | : | നെടുമങ്ങാട് |
| ബ്ലോക്ക് | : | വാമനപുരം |
| ഹെഡ്മാസ്റ്റർ | : | മധു.എം.ആർ |
| സീനിയർ ടീച്ചർ | : | ദീപ.ജി.എസ് |

# മാറ്റൊലി

## ഉള്ളടക്കം


1. പ്രവേശിക
2. ആമുഖം
3. ലക്ഷ്യങ്ങൾ
4. ഭാഷാപഠനം – മലയാളം
5. ശാസ്ത്രപഠനം
6. ഗണിതപഠനം
7. ഇംഗ്ലീഷ്
8. ക്രമീകരണങ്ങൾ
9. വിദ്യാലയ വികസനരേഖ
10. ഭാഷാപഠനം – സംഗ്രഹം
11. ശാസ്ത്രപഠനം – സംഗ്രഹം
12. ഗണിതപഠനം – സംഗ്രഹം
13. ഇംഗ്ലീഷ് പഠനം – സംഗ്രഹം


## ഗവൺമെന്റ് എൽ. പി. എസ്

## പൂവണത്തുംമൂട്

# മാറ്റൊലി

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഗവ: എൽ.പി.എസ്, പൂവണത്തുംമൂട്

### ആമുഖം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ, വാമന പുരത്തിനടുത്തായി കോട്ടുകുന്നം മലയുടെ താഴ്വരയിലാണ് പൂവണത്തും മൂട് ഗവ.എൽ.പി.എസ് പ്രവർത്തിക്കുന്നത്. വളരെ ഗ്രാമീണമായ അന്തരീ ക്ഷത്തിൽ, മുന്നിൽ നീർച്ചാലും പിന്നിൽ കുന്നും റബ്ബർതോട്ടവും ഉള്ള പ്രശാന്തസുന്ദരമായ സ്ഥലം. സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള ജന ങ്ങൾ സ്കൂളിന് സമീപത്തായി ഏറെയുണ്ട്.

എ.ഡി. 1929ലാണ് പൂവണത്തുംമൂട് ഗവ.എൽ.പി.എസ് പ്രവർത്തനം ആരംഭിച്ചത്. മാനേജ്മെന്റ് സ്കൂൾ ആയിട്ടായിരുന്നു തുടക്കം. വാമനപുരം കുണ്ടയത്തുകോണത്ത് വിളയിൽ വീട്ടിൽ പി.സരസ്വതിയമ്മയായിരുന്നു സ്കൂൾ മാനേജർ. അവർ തന്നെയായിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്സും. പൂവണത്തുംമൂട് കിഴക്കേക്കര പുത്തൻവീട്ടിൽ വാസുദേവൻപിള്ളയുടെ മകൾ പത്മാക്ഷിയമ്മയായിരുന്നു സ്കൂളിലെ ആദ്യ വിദ്യാർത്ഥിനി. 1948-ൽ സ്കൂൾ സർക്കാരിന് കൈമാറി.

1929 മുതൽ നിരവധി ആളുകൾ ഇവിടെ പഠിച്ച് സമൂഹത്തിന്റെ ഉന്ന തസ്ഥാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. എങ്കിലും സമീപകാലത്ത് പൊതു വിദ്യാലയങ്ങളിൽ ഉണ്ടായിട്ടുള്ള വിദ്യാർത്ഥികളുടെ കുറവ് നമ്മുടെ വിദ്യാ ലയത്തെയും ബാധിച്ചിരുന്നു. നല്ലവരും വിദ്യാലയത്തോട് കൂറുള്ളവരുമായ നാട്ടുകാർ, സാമൂഹ്യരാഷ്ട്രീയരംഗത്തെ പ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ ഇവരുടെയെല്ലാം പരിശ്രമഫലമായി വിദ്യാലയത്തെ വികസ്വരപാതയിലെത്തിക്കാൻ സാധി ച്ചിട്ടുണ്ട്. അടുത്ത വർഷങ്ങളിൽ വിദ്യാലയത്തിൽ അഡ്മിഷൻ എടുക്കുന്ന വരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നുണ്ട്.

അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുകയും അതിലൂടെ അക്കാദമിക് പുരോഗതി കൈവരിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തി മികച്ച ഒരു അക്കാദമിക് പ്ലാൻ തയ്യാറാക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

L ആകൃതിയിലുള്ള 7 മുറികളുള്ള ഷീറ്റിട്ട പ്രധാന കെട്ടിടവും ഒറ്റമുറിയുള്ള സി ആർ സി കെട്ടിടവും ഒരു മുറിയുള്ള ഓഫീസ് കെട്ടിടവും 5 ടോയ്‌ലറ്റുകളും മുകളിലും താഴെയുമായി 2 മുറികളും ഒരു വരാന്തയും ഒരു സ്റ്റോറൂമും ഒരു അടുക്കളയും ആണ് സ്കൂളിൽ ഉള്ളത്.

പ്രീപ്രൈമറി മുതൽ 5 വരെയുള്ള ക്ലാസുകളിൽ കുട്ടികൾക്ക് പഠിക്കുന്നതിന് ആധുനിക സൗകര്യങ്ങളുള്ള ഒരു കെട്ടിടവും ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കണം. ഹൈടെക് വിദ്യാഭ്യാസ ത്തിലേക്കുള്ള ചുവടുവെയ്പ്പിന്റെ ഭാഗമായി ലാപ്ടോപ്പ്, പ്രൊജക്ടർ, ഡെസ്ക്ടോപ്പുകൾ മാത്രമല്ല പരിമിതമായ സ്ഥല പരിധിയിൽ ജൈവവൈവിധ്യ പാർക്ക്,കരനെൽകൃഷി ഇവയുടെ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. വലിയ ഫലവൃക്ഷങ്ങളും പൂക്കൾ നിറഞ്ഞ ചെടികളും, വള്ളിച്ചെടികളും, താമര, ആമ്പൽ കുളങ്ങളും പഠനത്തിൽ സഹായമായി പരിപാലിച്ചു പോകുന്നുണ്ട്.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന മേഖലയിലെ വിദ്യാർത്ഥികളാണ് കൂടുതലായും ഇവിടെ പഠിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക പ്രോഗ്രാമുകളായ മലയാളത്തിളക്കം, ശ്രദ്ധ ഇവയിലൂടെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടു കൊണ്ടു വരുന്നതിനെ സജീവമായ ശ്രമം നടക്കുന്നുണ്ട്. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പിന്തുണ പരിപാടികളിൽ സജീവമായി ഉണ്ടായിരുന്നു.

ജൈവവൈവിധ്യ പാർക്കിന്റെ ഭാഗമായി കരനെൽകൃഷി നടത്തുകയും അതിൽ കുട്ടികൾ സജീവമായി പങ്കെടുക്കുകയും ചെയ്തു. നനയ്ക്കുന്നതിനും കള നീക്കം ചെയ്യുന്നതിനും സജീവമായ ശ്രദ്ധപുലർത്തുകയുണ്ടായി. ആഘോഷങ്ങൾ, വാർഷിക പരിപാടികൾ രക്ഷകർത്താക്കളുടെ സാന്നിധ്യം സജീവമായിരുന്നു. എന്നിവയിൽ രക്ഷകർത്താക്കളുടെ സാന്നിധ്യം സജീവമായിരുന്നു.

മാതൃഭാഷാ പരിപോഷണത്തിനായി നടത്തിയ **'മലയാളത്തിളക്കം'** വൻ വിജയമായി തന്നെ നടത്താൻ കഴിഞ്ഞു. മലയാളത്തിളക്കം പരിപാടി വിജയം ആകുന്നതിൽ ഏറ്റവും സഹായകമായത് SSA നൽകിയ മൊഡ്യൂളും അവിടെ പഠനാന്തരീക്ഷവുമായിരുന്നു. ഉണ്ടാക്കിയ

ഭാഷാപഠനത്തിന് ആവശ്യമായ പരിചിത കഥാസന്ദർഭങ്ങൾ, രസകരമായ അവതരണം,ഭാഷാവ്യവഹാരങ്ങൾ, ഇടപെടൽ എന്നിവയിലൂടെയാണ് എല്ലാ കുട്ടികൾക്കും ഭാഷാപഠനത്തിന് സൗകര്യം ഉണ്ടായത്. ഈ മൊഡ്യൂളിൽ നിന്നും ഊർജ്ജമുൾക്കൊണ്ട് ഭാഷാ പഠനത്തിനും മറ്റുവിഷയങ്ങളുടെ പഠനത്തിനും ഈ രീതി അവലംബിക്കുക എന്ന തീരുമാനം SRG കൂടി തീരുമാനിക്കുകയും തുടർന്ന് ഓരോ വിഷയത്തിനും ഓരോ അധ്യാപകരെ ചുമതലപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തു.

കാലാനുസൃതമായി ഉണ്ടാക്കാവുന്ന മാറ്റങ്ങൾ, കൂട്ടിച്ചേർക്കലും വിദഗ്ധാഭിപ്രായപ്രകാരം ഉണ്ടാക്കാവുന്ന തിരുത്തലുകൾ എന്നിവയ്ക്ക് വിധേയമാക്കാം എന്ന തീരുമാനത്തോടെ, ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിൽ നമ്മുടെ സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അവർ ആർജ്ജിക്കേണ്ട നേട്ടങ്ങൾ ലക്ഷ്യങ്ങൾ എന്നിവ നേടാൻ സഹായകമായ രീതിയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ **'മുന്നോട്ട്'** ഫലപ്രദമായി പ്രവർത്തന സജ്ജമാക്കാൻ ശ്രമിക്കുന്നു.

ഓരോ ക്ലാസ് റൂമുകളും വിഷയ ബന്ധിതമായ പഠനകേന്ദ്രങ്ങൾ ആക്കുക എന്നതാണ് ആദ്യപടി മലയാളം പഠിപ്പിക്കുന്ന ക്ലാസ് ഇതളുകൾ എന്ന പേരിൽ ഒരു റൂമിലേക്ക് കുട്ടികളെ എത്തിക്കുകയും ഒന്നു മുതൽ അഞ്ച് വരെയുള്ള കുട്ടികൾക്കുള്ള പഠനാന്തരീക്ഷം ഉണ്ടാകുകയും ആവശ്യമായ എല്ലാ സാമഗ്രികളും അവിടെ സജ്ജീകരിക്കുകയും വേണം. (ഭാഷാപ്രവർത്തനങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്) അതുപോലെ ഇംഗ്ലീഷ് പഠനത്തിന് ഇംഗ്ലീഷ് ലാബ് (We Are One), ഗണിത പഠനത്തിന് ഗണിതശാല, പരിസര പഠനത്തിന് കൗതുകലോകം ഇതിൽ ജൈവവൈവിധ്യ പാർക്കിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. സോഷ്യൽ സയൻസ്, ഹിന്ദി എന്നിവയ്ക്ക് ജയ്ഹിന്ദ് ഇവ സജ്ജീകരിക്കുന്നു.

ഓരോ മുറികളിലും ആവശ്യമായ സജ്ജീകരണങ്ങൾ അതാത് വിഷയങ്ങളുടെ പ്രവർത്തനങ്ങൾക്കൊപ്പം നൽകിയിട്ടുണ്ട്. ടാലന്റ്സിന് പെർഫോമൻസിനായി വേദി അത്യാവശ്യമാണ്. അതോടൊപ്പം ഒരു ഓപ്പൺ എയർ ആഡിറ്റോറിയം രൂപകല്പന കൂടി ഈ മാസ്റ്റർ പ്ലാൻ മുന്നോട്ടുവയ്ക്കുന്നു. വരുന്ന മൂന്ന് വർഷ കാലാവധിക്കുള്ളിൽ ഈ സ്വപ്നങ്ങൾ പൂർണമായും നടപ്പാക്കി മികവിന്റെ കേന്ദ്രമായി പൂവണത്തുംമൂട് ഗവൺമെന്റ് എൽ പി എസും മികവിന്റെ സാക്ഷ്യങ്ങളായി ഇവിടത്തെ കുഞ്ഞുങ്ങളും മാറുമെന്ന് ഉറപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ പൂവണത്തുംമൂട് ഗവ.എൽ.പി.എസിൽ എല്ലാ പഠിതാക്കളുടേയും സർവ്വതലസ്പർശിയായ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്. എല്ലാ കുട്ടികളേയും ഒരുപോലെ പരിഗണിക്കുന്നതും സവിശേഷത കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകുകയും അവരിലെ കഴിവുകളെ അതിന്റെ ഉന്നതമായ തലത്തിലെത്തിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നൽകുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കും **'മാറ്റൊലി'**യിലൂടെ ലക്ഷ്യമിടുന്നു.

വിദ്യാഭ്യസവകുപ്പ് വിഭാവനം ചെയ്യുന്ന ഹൈടെക്ക് വിദ്യാലയ സങ്കൽപത്തിന് യോജിക്കുന്ന തരത്തിൽ ഹൈടെക് ക്ലാസ്സ് റൂമുകളും പരിസരവും അതിന് അനുയോജ്യരായ അധ്യാപകരും വിദ്യാർത്ഥികളുമായി മാറുന്ന പദ്ധതിയായാണ് **'മാറ്റൊലി'** രൂപം കൊള്ളുന്നത്. ഓരോ പഠനത്തിനും അനുയോജ്യമായ അന്തരീക്ഷസൃഷ്ടി, അതിന്റെ ഉൾക്കൊള്ളലിനും തുടർപഠനത്തിനും ഉതകുന്നതാകാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഓരോ വിഷയമുറികളും സജ്ജമാക്കുന്നത്. അതുപോലെ തന്നെ വിദ്യാർത്ഥികളുടെ പരിമിതികൾ മറികടക്കുന്നതിന് ഒരു പരിധിവരെ ക്ലാസ്സ് അന്തരീക്ഷം സഹായിക്കുമെന്നുള്ളതും മുറികൾ ഒരുക്കുന്നതിനും പ്രചോദം ആയിട്ടുണ്ട്.

ഈ അധ്യയനവർഷം മുതൽതന്നെ ഈ അക്കാദമിക് മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടുത്ത 3 വർഷത്തിനുള്ളിൽ ഇതിൽ വിഭാവനം ചെയ്യുന്ന രീതിയിൽ വിദ്യാലയത്തേയും വിദ്യാർത്ഥികളേയും ഒരുക്കിയെടുക്കുന്നതിന് സാധിക്കുമെന്നും കരുതുന്നു.

മഹത്തായ ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പ്പിൽ വിദ്യാഭ്യാസവകുപ്പിന്റെയും ജനപ്രതിനിധി സഭകളുടേയും സർവ്വോപരി തദ്ദേശവാസികളുടേയും സമൂഹത്തിന്റെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഈ സഹായസഹകരണങ്ങൾ ലഭിക്കുകയാണെങ്കിൽ ലക്ഷ്യങ്ങൾ പൂർണ്ണമായും സാധിക്കുന്നതിനും വളരെ കഴിവുറ്റ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് സാധിക്കുമെന്നും ഉറപ്പുണ്ട്.

നമ്മുടെ വിദ്യാലയത്തിലെ സമഗ്രമായ വികസനം അടിസ്ഥാനസൗകര്യവികസനത്തിലൂന്നിയുള്ളതിനാൽ ഈ അക്കാദമിക് മാസ്റ്റർപ്ലാനിൽ അടിസ്ഥാനസൗകര്യവികസനവും ലക്ഷ്യമിടുന്നു. അതുകൂടി നടപ്പാക്കി നമ്മുടെ വിദ്യാർത്ഥികളെ ഉന്നതനിലവാരത്തിലെത്തിക്കാൻ എല്ലാവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ഭാഷാപരവും ശാസ്ത്രപരവുമായ എല്ലാ കഴിവുകളും ആർജ്ജിക്കുക. നൈപുണ്യങ്ങൾ വികസിപ്പിക്കുക, പ്രത്യേക കഴിവുകളെ വളർത്തുന്നതിനാവശ്യമായ പിൻതുണ നൽകുക എന്നിവ ഈ പ്ലാനിലൂടെ ഉദ്ദേശിക്കുന്നു. അതിനുവേണ്ട ഭൗതികസാഹചര്യങ്ങളും പഠനസാഹചര്യങ്ങളും ഒരുക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

# ഭാഷാപഠനം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### മേഖല-മലയാളം

### ലക്ഷ്യങ്ങൾ

1. മലയാളം ഭാഷാശേഷികളിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. മലയാളഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികൾക്ക് അത് മറികടക്കാൻ പിൻതുണ നൽകുക.
4 ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മാതൃഭാഷ എന്ന നിലയിൽ സംസ്കാരത്തിന്റെ വിനിമയ ഉപാധി എന്ന നിലയിൽ മലയാള സാഹിത്യ പഠനത്തിൽ താൽപ്പര്യം വളർത്തുക, ഭാഷാകഴിവ് നേടുക.
6. മികച്ച വായനശീലം മലയാളഭാഷയിൽ വികസിപ്പിക്കുക.
7. മലയാളഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്ക്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
8. മലയാളഭാഷാ പഠനത്തിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്താനു ള്ള കഴിവ് നേടുക.
9. മലയാളഭാഷാ പഠനശേഷി വികസിപ്പിക്കുക.
10. മലയാളഭാഷാ പഠനത്തെ മതേതരജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
11. മലയാളഭാഷാ പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
12. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.

13. മലയാളഭാഷാ അദ്ധ്യാപക ശാക്തീകരണം.

14. സി.ബ്ല്യൂ.എസ്.എൻ. കുട്ടികളെ നേർധാരയിൽ എത്തിക്കുക.

15. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് മലയാളഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

16. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.

17. ക്ലാസ്സിക്കൽ കലകൾ ആസ്വദിക്കാനുള്ള ശേഷി നേടുക.

**'ഇതളുകൾ'** എന്ന ക്ലാസ്സ്മുറി സജ്ജീകരിച്ച് ഭാഷാപഠന കേന്ദ്രമാക്കാൻ ഉദ്ദേശിക്കുന്നു. ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകൾക്ക് മാതൃഭാഷാ പഠനത്തിന് ആവശ്യമായ എല്ലാ പഠനോപകരണങ്ങളും ഇതളുകളിൽ കേന്ദ്രീകരിച്ച് പഠനം സജ്ജമാക്കുന്നു.

പ്രധാനമായും ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് പഠിതാവിൽ പഠനാനുഭവം കിട്ടുന്നതിന് സഹായിക്കുന്നത്. പ്രാരംഭക്കാരിൽ ഭാഷാ പ്രയോഗസാധ്യതകൾക്ക് തുടക്കംകുറിക്കുന്നതിന് കഥകൾ കേൾക്കുക എന്നത് പ്രയോജനകരമാണ്. കാർട്ടൂൺ ഷോകളിലൂടെ കഥാവിവരണം കേൾക്കുന്നതിന് കുട്ടിക്ക് ഏറ്റവും താൽപ്പര്യമുണ്ടാകുന്നു. പാഠഭാഗങ്ങളുടെ ചിത്രീരണങ്ങളും ലഭ്യമാണ്. ഇവ പ്രദർശിപ്പിക്കുന്നതിന് ക്ലാസ്സിൽ സജ്ജീകരിക്കുന്ന ലാപ്ടോപ്പ് പ്രേജക്ടർ അല്ലെങ്കിൽ സ്ഥിരമായി സ്ഥാപിക്കുന്ന ടച്ച് സ്ക്രീൻ മോണിറ്റർ, സ്പീക്കർ എന്നിവ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഉയർന്ന ക്ലാസ്സുകാർക്ക് പാഠഭാഗങ്ങളുടെ വിവിധ ഭാഷാവ്യവഹാര രൂപങ്ങൾ ഇന്റർനെറ്റ് വഴിയും മറ്റും ലഭ്യമാക്കി പ്രദർശിപ്പിക്കാനും ഉദ്ദേശിക്കുന്നു.

**ചിത്രക്കാർഡുകൾ**

മുറിയിൽ ചിത്രങ്ങളും അവയുടെ നാമങ്ങളും എഴുതിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു. മൃഗങ്ങൾ, പക്ഷികൾ, പൂക്കൾ, ഫലങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്കൊണ്ടുള്ള ചിത്രീകരണം ഇതളുകളിൽ പ്രധാന പഠനാനുഭവമാകുന്നു.

**കഥാചിത്രങ്ങൾ**

ഭാഷാശ്രവണത്തിനുതകുന്ന തരത്തിലുള്ള കഥാചിത്രങ്ങളുടെ പ്രദർശനം ഭാഷാമുറിയിലെ ഏറ്റവും വലിയ പഠനമാണ്. കുട്ടികൾക്ക് കഥ വിശദീകരി ക്കുന്നതിനും അദ്ധ്യപകൻ വിശദമാക്കുന്ന കഥ കേൾക്കുമ്പോൾ മനോചിത്രങ്ങൾ രൂപപ്പെടുത്തുന്നതിനും ഇവ സഹായകമാകും.

**വാക്യകാർഡുകൾ**

വാക്യകാർഡുകൾക്ക് ഭാഷാമുറിയിൽ സവിശേഷമായ സ്ഥാനം നൽകുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വാക്യങ്ങളെ ലഘൂകരിച്ച് ചെറുവാക്യങ്ങളാക്കി എഴുതി പ്രദർശിപ്പിക്കുന്നതിനും അവയുടെ നിരന്തര വായനയ്ക്കുമായി കാർഡുകളെ ക്രമീ കരിക്കുന്നു. E-Readingന് അവസരം നൽകുന്നു. സജ്ജീകരിച്ചിട്ടുള്ള മോണിറ്ററിൽ വാക്യങ്ങൾ എടുത്ത് വായിക്കാൻ പരിശീലനം നൽകുന്നു.

**ലൈബ്രറി**

വിപുലമായ ക്ലാസ്സ് ലൈബ്രറിയാണ് ഇതളുകളിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്. പുസ്തകങ്ങളെ (മാതൃഭാഷ മാത്രം) ഓരോ ക്ലാസ്സിലും അനുയോജ്യമായ വിധത്തിൽ ക്രമീകരിക്കുന്നു. വലിയ അക്ഷരങ്ങളുള്ള ആകർഷകമായ ബുക്കുകൾ കൊച്ചു ക്ലാസ്സുകാർക്ക് ആരംഭത്തിൽതന്നെ വായനയ്ക്ക് ലഭ്യമാക്കുന്നു. അഞ്ചു വരെയുള്ള ക്ലാസ്സുകാർക്ക് അനുയോജ്യമായ എല്ലാ പുസ്തകങ്ങളും ഇതളുകളിൽ എത്തിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**പത്രവായന**

ഭാഷാമുറിയിൽ ഒന്നിലധികം ദിനപ്പത്രങ്ങൾ സ്ഥിരമായി വരുത്തുന്നതിനും പത്രവാർത്തകളുടെ വായനമത്സരം ആഴ്ചയിൽ ഒരിക്കൽ നടത്തി വായനയിൽ താൽപ്പര്യം ജനിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. വാർത്തകൾ തയ്യാറാക്കുന്നതിന് പരിശീലനം, സ്കൂൾപത്രം എന്നിവ നടത്തുന്നു. പത്രപ്രവർത്തകനെ ഭാഷാമുറിയിൽ കൊണ്ടുവരികയും പത്രപ്രവർത്തന ശൈലി, പത്രവാർത്ത എന്നിവയിൽ പരിശീലനം നൽകൽ എന്നിവ ലക്ഷ്യമിടുന്നു.

**ഫാമിലി ടെലിക്വിസ്**

രക്ഷിതാക്കളുടെയും കുട്ടികളുടെയും പങ്കാളിത്തത്തോടു കൂടി എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 6 മണി മുതൽ 7 മണി വരെ സ്കൂളിന്റെ തനത് പ്രവർത്തനമായി ഫാമിലി ടെലിക്വിസ് നടത്താൻ തീരുമാനിച്ചു.

**ബാലാരവം**

കുട്ടികളുടെ സൃഷ്ടികളും സ്കൂളിന്റെ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഒരു വർഷം 3 പത്രം ബാലാരവം എന്ന പേരിൽ ഇറക്കാൻ തീരുമാനിച്ചു.

**നാടറിയൽ**

4 വർഷമായി നടന്നു വരുന്ന സ്കൂളിന്റെ തനത് പ്രവർത്തനമായ 'നാടറിയൽ' തുടർന്നും നടക്കുന്നതാണ് നാട്ടിലുള്ള കലാസംസ്കാരിക സ്ഥാപനങ്ങൾ, ചരിത്ര പ്രധാനമായ സ്ഥലങ്ങൾ തുടങ്ങിയവ കുട്ടികൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുവാൻ ആണ് ഈ പരിപാടി നടത്തുന്നത്.

**മലയാളം ടൈപ്പിംഗ്**

5-ാം ക്ലാസിലെ കുട്ടികൾക്ക് വേണ്ടി മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കാൻ തീരുമാനിച്ചു.

**പൊതുവിജ്ഞാന ക്വിസ്**

സ്കൂൾ അസംബ്ലിയിൽ 5 ജി.കെ ചോദ്യങ്ങൾ കുട്ടികൾക്ക് നൽകുവാനും ശരിയുത്തരം എഴുതുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ ഒരാൾക്ക് സമ്മാനം നൽകുവാനും തീരുമാനിച്ചു. ഇത് ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

**ആകാശവാണി**

ശ്രവ്യമാധ്യമത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് മികച്ച അവതാരകനാകാൻ അവസരം നൽകുന്നതിനുവേണ്ടിയുള്ള ആകാശവാണി നിലയം ഭാഷാദ്ധ്യാപകരുടെ നേതൃത്വത്തിൽ നടപ്പാക്കും. എല്ലാ ക്ലാസ്സ് മുറികളിലും പരിസരത്തും സ്പീക്കറുകൾ സ്ഥാപിച്ചുകൊണ്ട് പ്രാധാന വാർത്തകൾ പ്രാദേശിക വാർത്തകൾ, ലഘുപ്രഭാഷണങ്ങൾ, സംവാദം, കഥകൾ, കവിതകൾ തുടങ്ങി വിവിധ സാഹിത്യ കലാ രൂപങ്ങളുടെ പ്രക്ഷേപണമാണ് ലക്ഷ്യമിടുന്നത്. എല്ലാ വിഭാഗം കുട്ടികളെയും പരിപാടികളിൽ പങ്കാളികളാക്കുന്നതിന് പ്രത്യേകം

ശ്രദ്ധിക്കുന്നതാണ്. ഒരു അദ്ധ്യാപികതന്നെ മലയാളം ക്ലാസ്സുകൾ കൈകാര്യം ചെയ്യുക എന്നതാണ് ഉചിതമായി തോന്നുന്നത്. ഒരു ക്ലാസ്സ് മുറിതന്നെ ഭാഷാമുറിയായി ഉപയോഗിക്കുന്നത് കുട്ടികൾക്ക് പഠന ഓർമ്മകളിലേക്ക് എത്തുന്നതിന് വളരെ സഹായകരമായിരിക്കും എന്നും വിലയിരുത്തുകയുണ്ടായി. കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ട് ഭാഷാപഠനം ശിശുസൗഹൃദവും മതേതരജനാധിപത്യ ബോധത്തിലൂന്നിയും ലിംഗവ്യത്യാസം കൂടാതെ സാമൂഹ്യ ജീവിയാക്കി മാറ്റുന്നതുമായ ഒരു പഠനരീതിയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഇതിനായി ഭാഷാമുറിയിൽ ലാപ്പ്ടോപ്പ് പ്രോജക്ടർ അല്ലെങ്കിൽ ടച്ച് സ്ക്രീൻ മോണിറ്റർ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ വിവിധതരം ഇന്റർനെറ്റ് ഉപകരണങ്ങൾ സ്പീക്കർ എന്നിവയും മാസത്തിലൊരുതവണയെങ്കിലും വിദഗ്ദ്ധരെ പരിശീലനത്തിനെ ത്തിക്കുകയും വേണ്ടതാണ്.

# ശാസ്ത്രപഠനം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിൻതുണ നൽകുക.
4. ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി Enquiry Skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള മനോഭാവം വളർത്തുക.
6. ശാസ്ത്ര പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
7. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
8. ശാസ്ത്രപഠനത്തെ മാതേതര ജനാധിത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
9. പാരിസ്ഥിതിക അവബോധം വളർത്തുക.
10. ശാസ്ത്രപഠനത്തിൽ സാമൂഹിക ഇടപെടൽശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവവും നേടുക.
11. ശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
12. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക.
13. ശാസ്ത്ര അദ്ധ്യാപക ശാക്തീകരണം.
14. CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
15. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

16. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

ശസ്ത്രപഠന ക്ലാസ്സിനെ **'കൗതുകലോകം'** എന്ന് നാമകരണം ചെയ്തിരിക്കുന്നു. അഞ്ചുവരെ ക്ലാസ്സുകാർക്ക് ശസ്ത്രപഠനത്തിനാവശ്യമായ എല്ലാ ശാസ്ത്രഉപകരണങ്ങളും ശാസ്ത്രമുറിയിൽ സജ്ജീകരിക്കുന്നു. സുസജ്ജമായ ശാസ്ത്രമുറിയും വിപുലമാക്കുന്ന ജൈവവൈവിധ്യ പാർക്കും ചേർന്നതാണ് 'കൗതുകലോകം'. ശാസ്ത്രമുറിയിൽ നൂനത സാങ്കേതികവിദ്യ പൂർണ്ണമായും ഉപയോഗിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. Laptop-Projector or Touch Screen Monitor Systems ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇന്റർനെറ്റ് ഉപകരണങ്ങൾ, സ്പീക്കർ എന്നിവ ശാസ്ത്രമൂറിയിൽ ലഭ്യമാക്കേണ്ടതുണ്ട്. പഠനോപകരണങ്ങൾ, പ്രധാനമായും ലബോറട്ടറി ഉപകരണങ്ങൾ ശാസ്ത്രമൂറിയിൽ സജ്ജീകരിച്ചിരിക്കുന്നു. ശാസ്ത്രപുസ്തകങ്ങളുടെ ലൈബ്രറി, ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, പ്രധാന കണ്ടുപിടിത്തങ്ങളുടെ വിവരണം എന്നിവ ലഭ്യമാക്കുന്നു.

**ലഘുപരീക്ഷനങ്ങൾ**

മാസത്തിൽ ഒരു തവണയെങ്കിലും പരീക്ഷണങ്ങളുടെയും കണ്ടുപിടിത്തങ്ങളുടെയും പൊതുപ്രദർശനം സവിശേഷ കഴിവുള്ളവർക്ക് പ്രോൽസാഹനവും പരിപോഷണവും നൽകുന്നതിനും അവസരം സൃഷ്ടിക്കുന്നു.

**ശാസ്ത്രസ്ഥാപനങ്ങൾ സന്ദർശനം**

ശാസ്ത്രകൗതുകം വർദ്ധിപ്പിക്കുന്ന നമ്മുടെ പ്രമുഖ ശാസ്ത്രസ്ഥാപനങ്ങളായ ശാസ്ത്ര സാങ്കേതിക മ്യൂസിയം, പ്ലാനറ്റോറിയം, ഐ.എസ്.ആർ.ഒ. തുടങ്ങിയവയും വ്യാവസായിക രംഗത്തെ പ്രമുഖമായ ഫാക്ടറികൾ തുടങ്ങിയവയും സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. പ്രശസ്തരായ ശാസ്ത്രജ്ഞരെ കാണുന്നതിനും ശാസ്ത്രീയ മനോഭാവം വളർത്താൻ ചിന്തകരുമായി അഭിമുഖം നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഒരു വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഈ പരിപാടി നടത്താനാണ് ഉദ്ദേശിക്കുന്നത്.

**പ്രപഞ്ചം**

പ്രപഞ്ചവും അതിൽ ഉൾപ്പെടുന്ന ഭൂമിയെയും സൂര്യനെയും ചന്ദ്രനെയും മറ്റെല്ലാ ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും ഇന്റർനെറ്റ് സഹായത്തോടെ ശാസ്ത്ര മുറിയിൽ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് അനുഭവവേദ്യമാകാൻ പ്രയാസമുള്ള രാത്രിയും പകലും, കാലാവസ്ഥ, സ്പെയ്സ് എന്ന സങ്കല്പം ഇവയും ഈ പ്രക്രിയയിലൂടെ അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ജൈവ വൈവിധ്യ പാർക്ക്**

ശാസ്ത്രപഠനത്തിന് ജൈവ വൈവിധ്യ പാർക്ക് വളരെ ഫലപ്രദമാണ്. സസ്യശാസ്ത്രപഠനത്തിന്റെ നേരനുഭവം ജൈവ വൈവിധ്യ പാർക്കിലൂടെ സാധ്യമാകുന്നു. വിത്തുകളുടെ വളർച്ച, വിത്തുവിതരണം എന്നിവ അറിയുന്നതിനും വൃക്ഷങ്ങൾ, ചെറുസസ്യങ്ങൾ പുൽവർഗ്ഗങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനുംഉതകുന്ന സസ്യവിതരണം ആണ് പാർക്കിൽ ഒരുക്കുന്നത്. ധാന്യങ്ങളുടെ വളർച്ചാഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും വിളവെടുപ്പുവരെ യുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നതിനും വേണ്ടി കരനെൽകൃഷി ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമാക്കുന്നു. കൃഷിയിൽ സജീവ താൽപര്യമുള്ളവരെ കണ്ടെത്തി കൃഷി ശാസ്ത്രത്തിൽ ഉയർന്നശേഷിനേടുന്നവരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഒരുക്കുന്നത്.

**കർഷകരുമായി അഭിമുഖം, കൃഷിയിട സന്ദർശനം**

മൂന്ന്, നാല്, അഞ്ച് ക്ലാസ്സുകളിലെ കുട്ടികൾക്ക് പാരമ്പര്യ കൃഷിരീതികൾ മനസ്സിലാക്കുന്നതിനും നേരിൽ കാണു ന്നതിനും കൃഷിയിടങ്ങൾ സന്ദർശിക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പംതന്നെ കൃഷിയിടത്തിൽ കർഷകന്റെ അനുഭവങ്ങൾ നേരിട്ട് ചോദിച്ചറിയാനും, കാണാനും വർഷത്തിൽ ഒരു തവണയെങ്കിലും അവസരം ഉണ്ടാക്കുന്നു. കാർഷിക സംസ്കാരത്തിൽ അധിഷ്ഠിതമായ ജീവിത ശൈലിയുടെ പ്രാധാന്യവും ഗുണവും കുട്ടികളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യംകൂടി മുന്നോട്ടുവയ്ക്കുന്നുണ്ട്.

**ജലസംരക്ഷണം**

വെള്ളത്തിന്റെ പ്രാധാന്യം, ലഭ്യത എന്നിവ മനസ്സിലാക്കിക്കൊണ്ട് ജലസംരക്ഷണ മാർഗ്ഗങ്ങൾ രൂപീകരിക്കുന്നു. സ്കൂൾ പരിസരത്ത് മഴവെള്ളം സംഭരിക്കുന്നതിന് മഴവെള്ള സംഭരണി നിർമ്മിക്കുന്ന പദ്ധതി, വെള്ളത്തിന്റെ ഉപയോഗം, സംരക്ഷണം, പ്രോജക്ട് തയ്യാറാക്കൽ എന്നിവയാണ് പദ്ധതിയിൽ

ഉൾപ്പെടുത്തുന്നത്. ചെറിയ ക്ലാസ്സുകളിൽ പോസ്റ്റർ രചന, വീട് സന്ദർശിച്ച് ബോധവൽക്കരണം എന്നിവയും ഉണ്ട്.

**ശാസ്ത്രനാടകം, ശാസ്ത്രകഥകൾ, ഗാനങ്ങൾ**

ശാസ്ത്രപഠനം രസകരവും, അഭിരുചി വളർത്തുന്നതിനും ആക്കുന്നതിനു വേണ്ടി ശാസ്ത്ര നാടകങ്ങളോ, കഥകളോ, ഗാനങ്ങളോ പൊതുവേദിയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഉയർന്ന ശേഷിയുള്ളവരെ കണ്ടെത്തി പരിശീലനം നൽകുന്നതിനും അവസരമൊരുക്കുന്നുണ്ട്. എല്ലാ ക്ലാസ്സു കളിലെയും കുട്ടികൾക്ക് ശാസ്ത്രപഠനത്തിന് ഒരു മുറിയും കൗതുകലോകവും പ്രയോ ജനപ്പെടുത്തി ഒരു അധ്യാപികയെ ചുമതലപ്പെടുത്തുക എന്ന രീതിയാണ് അവലംബിക്കുവാൻ ഉദ്ദേശിക്കുന്നത്. കൗതുകലോകം എല്ലാ കുട്ടികൾക്കും ശാസ്ത്രീയ മായ പഠനം തന്നെയാകുമെന്ന് പ്രത്യാശിക്കുന്നു.

**ഗണിതപഠനം**

**ലക്ഷ്യങ്ങൾ**

1. ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിൻതുണ നൽകുക.
4. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജന പ്പെടുത്തുന്നതിനുള്ള കഴിവ് നേടുക.
6. ഗണിത പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
7. ഗണിത പഠനശേഷി വികസിപ്പിക്കുക.
8. ഗണിത പഠനത്തെ മാതേതര ജനാധിത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജന പ്പെടുത്തുക.

9. പാരിസ്ഥിതിക അവബോധം വളർത്തുക.

10. ഗണിത പഠനത്തിൽ സാമൂഹിക ഇടപെടൽശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവവും നേടുക.

11. ഗണിത പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.

12. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക.

13. ഗണിത അദ്ധ്യാപക ശാക്തീകരണം.

14. CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

15. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിത പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

16. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിതശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

ഗണിതപഠനം പലപ്പോഴും കുട്ടികൾക്ക് വിഷമകരമായാണ് അനുഭവപ്പെടുന്നത്. വാചികമായ വിശദീകരണങ്ങളും അമൂർത്തമായ ആശയങ്ങളും ചേർന്നാണ് ഇങ്ങനെയൊരു വിഷമഘട്ടം കുട്ടികളിൽ വന്നു ചേർന്നത് എന്നാണ് വിലയിരുത്തപ്പെടുന്നത്. ഗണിതപഠനം ലഘുവും രസകരവും ആക്കുന്നതിന് കുട്ടികളെ 'ഗണിതശാല' എന്ന ഗണിതമുറിയിലോക്കാണ് കൊണ്ടുപോകുന്നത്. 'ഗണിതശാല'യിൽ ആധുനിക സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. Laptop-Projector or Touch Screen Monitor System, Speaker, Internet ഉപകരണങ്ങൾ എന്നിവയെല്ലാമുള്ള Digital Class Room ആണ് ഗണിതശാല. ഇതുകൂടാതെ സംഖ്യാ ചാർട്ടുകൾ, സ്ഥാനവിലപോക്കറ്റ്, അബാക്കസ്സ്, ക്ലോക്ക് നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ, കലണ്ടർ നിർമ്മാണ സാമഗ്രികൾ, രൂപങ്ങളും കട്ടൗട്ടുകളും നിർമ്മിക്കാനാവശ്യ മായ സാമഗ്രികൾ എന്നിവ സജ്ജീകരിക്കും.

ഗണിത ശാസ്ത്രജ്ഞരുടെ ചിത്രങ്ങളും അവരുടെ സംഭാവനകളും രേഖപ്പെടുത്തിയ ചാർട്ടുകളുടെ പ്രദർശനം ഗണിതകളികൾ, പസിലുകൾ ഇവയ്ക്ക് ആവശ്യമായ സാമഗ്രികളും 'ഗണിതശാല'യിൽ ഒരുക്കിയിരിക്കും.

**എണ്ണം, സ്ഥാനവില**

എണ്ണം 'ഗണിതശാല'യിൽ സാധനസംയുക്തമായിത്തന്നെ തുടങ്ങുന്നതിന് അവസരമുണ്ടാകും. മഞ്ചാടി, ഈർക്കിൽ എന്നിവയിൽ എണ്ണം തുടങ്ങി സ്ഥാനവില ബോദ്ധ്യപ്പെടുത്തുന്ന പത്തിന്റെ കെട്ടുകൾ എന്ന ആശയത്തിലേ ക്കെത്തിക്കുന്നു. ഉയർന്ന ക്ലാസ്സുകളിലെ പിന്നാക്കക്കാർക്ക് ഇവയിലെത്തുന്നതിന് ഗണിതശാലയിൽ അവസരം ഉണ്ടായിരിക്കും.

കൂട്ടങ്ങളാക്കുന്നതിന് വിവിധ സാമഗ്രികൾനൽകി, എല്ലാ വിഭാഗം കുട്ടികൾക്കും പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ നടത്താൻ ഗണിതശാലയിൽ അവസരം നൽകുന്നു.

**സങ്കലനം, വ്യവകലനം**

ഇവയുടെ അടിസ്ഥാന ആശയങ്ങൾ സാധനങ്ങൾ നൽകിയും തുടർന്ന് സംഖ്യകളായി എഴുതിയും കണ്ടെത്തുന്നതിനുള്ള എല്ലാ അവസരങ്ങളും നൽകുന്നു.

**സമയം, കലണ്ടർ**

പഴയ ക്ലോക്കുകൾ ശേഖരിച്ചും മോഡലുകൾ ഉണ്ടാക്കിയും സമയം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. കലണ്ടർ സ്വയം നിർമ്മിച്ച് പഠിക്കുന്നതിനുള്ള അവസരമാണ് ഗണിതശാലയിൽ നൽകുന്നത്.

**അളവുകൾ**

അളവ് പാത്രങ്ങൾ, ഉള്ളവ്, എന്ന ആശയം വ്യക്തമാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ ഒരുക്കുന്നു. പഴയകാല അളവുകളായ ചാൺ, മുഴം, കാർഡ് എന്നിവയിൽനിന്ന് ഏകീകൃതമായ പുതിയ അളവുകളിലേക്ക് എത്തിയതിന്റെ കാരണം, പ്രാധാന്യം എന്നിവ സെ.മീറ്റർ, കി.മീറ്റർ തുടങ്ങിയ അന്താരാഷ്ട്ര അളവുകൾ പരിചയപ്പെടുത്തി വിശദമാക്കാൻ അവസരം ഇവയെല്ലാം ഗണിതശാലയിൽ ശേഖരിക്കുന്നു.

നാഴി, പറ, ഇടങ്ങഴി എന്നീ പഴയകാല അളവുകളും അവയിൽനിന്നും ഗ്രാം, കി.ഗ്രാം, മി.ലിറ്റർ, ലിറ്റർ എന്നിവയിലേക്കുള്ള മാറ്റവും വ്യക്തമാക്കുന്ന നിരീക്ഷണ ങ്ങൾ രേഖപ്പെടുത്താൻ അവസരം നൽകുന്നു.

**ജ്യാമിതീയ രൂപങ്ങൾ**

ജ്യാമിതി എന്നും കുട്ടികൾക്ക് തലവേദന ഉണ്ടാക്കുന്ന ഗണിതഭാഗമായാണ് വിലയിരുത്തപ്പെടുന്നത്. അടിസ്ഥാനപരമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ വരുന്ന വീഴ്ചയാണ് ഇതിന് പ്രധാന കാരണം. ജ്യാമിതീയരൂപങ്ങൾ യഥേഷ്ടം കൃത്യതയോടെ നിർമ്മിക്കുന്നതിന് ഗണിതശാലയിൽ അവസരം നൽകുന്നു. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള കൗതുകവസ്തുക്കൾ നിർമ്മിച്ച് പ്രദർശനത്തിനും അവസരമുണ്ടാക്കുന്നു. സവിശേഷതാൽപര്യമുള്ളവരെ പരിപോഷിപ്പിക്കാൻ ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിച്ച് കൂടുതൽ മോഡലുകൾ നൽകുന്നു.

"ടാൻഗ്രാം" രൂപങ്ങൾവെട്ടി വിവിധ വർണ്ണചിത്രങ്ങളാക്കിമാറ്റുന്നതിന് അവസരം, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവ പരിശീലിപ്പിക്കൽ എന്നിവയും ലക്ഷ്യമിടുന്നു. ജ്യാമിതീയ പാറ്റേണുകൾ കണ്ടെത്തുന്നതിനും അവ കലാപരമായി ചിത്രീകരിക്കുന്നതിനും ഗണിതശാലയിൽ പരിശീലനം നൽകുന്നു. ഇവയുടെയും പൊതുപ്രദർശനം സംഘടിപ്പിച്ച് സവിശേഷകഴിവുള്ളവരെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.

**കളികളും പ്രഹേളികകളും**

ഗണിതപഠനം രസകരമാക്കുന്നതിന് ഗണിതകേളികളും പ്രഹേളികകളും സഹായകമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഗണിതശാലയിൽ ഇവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികളെയും ഗണിതപഠനത്തിൽ പങ്കാളികളാക്കാനും ഗണിതം മധുരവും രസകരവുമാക്കാനും ഗണിതശാലയിലെ കളികളും പ്രവർത്തനങ്ങളും സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

# ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

1. ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിൻതുണ നൽകുക.
4. ഒഴുക്കോടെയും ശരിയായ ഉച്ചരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. ലോക ഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കാനുള്ള ഉപധിണന്ന നിലയിൽ ഇംഗ്ലീഷ് ഭാഷ കഴിവ് നേടുക
6. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
7. ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
8. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ. ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
9. ഇംഗ്ലീഷ് ഭാഷ പഠനശേഷി വികസിപ്പിക്കുക.
10. ഇംഗ്ലീഷ് ഭാഷ പഠനത്തെ മാതേതര ജനാധിത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
11. ഇംഗ്ലീഷ് ഭാഷ പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
12. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക.
13. ഇംഗ്ലീഷ് ഭാഷ അദ്ധ്യാപക ശാക്തീകരണം.
14. CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

15. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

16. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷ പഠനത്തെ പ്രയോജനപ്പെടുത്തുക.

മറ്റ് വിഷയങ്ങൾപോലെതന്നെ ഇംഗ്ലീഷ് പഠനമുറി ഒരു ഇംഗ്ലീഷ് ലാബ് ആക്കി പ്രവർത്തിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. **'We Are One'** എന്ന പേരാണ് നമ്മുടെ ഇംഗ്ലീഷ് ലാബിന് നൽകുന്നത്. മാതൃഭാഷാപഠനത്തിനൊപ്പം പ്രാധാന്യമാണ് ഇംഗ്ലീഷ് പഠനത്തിനും നൽകുന്നത്. അതുപോലെ ഇംഗ്ലീഷ് ലാബിൽ Laptop-Projector or Touch Screen Monitor System ഇന്റർനെറ്റ് ഉപകരണങ്ങൾ Speaker, എന്നിവ സജ്ജീകരിക്കുന്നു. ഇവ കൂടാതെ ഇംഗ്ലീഷ് കേൾക്കുന്നതിനും, പറയുന്നതിനും, വായിക്കുന്നതിനും, എഴുതുന്നതിനും വേണ്ട എല്ലാ സാധനസാമഗ്രികളും **'We Are One'** ൽ സജ്ജീകരിക്കുന്നു.

## Picture Cards

ചിത്രങ്ങളും അവയുടെ പേരും എഴുതിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു. മൃഗങ്ങൾ, പക്ഷികൾ, പൂക്കൾ, ഫലങ്ങൾ എന്നവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചിത്രക്കാർഡുകളാണ് ഒരുക്കുന്നത്.

## Picture Stories

കഥകൾ ഉണ്ടാക്കുന്നതിനും പറയുന്നകഥകൾ വേഗം മനസ്സിലാക്കുന്നതിനും ഉപയോഗപ്പെടുന്ന കഥാചിത്രങ്ങൾ ഇംഗ്ലീഷ് ലാബിൽ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു.

## Word Cards

വാക്കുകൾ എഴുതിയ കാർഡുകൾ കൊച്ചു ക്ലാസ്സിലെ കുട്ടികൾക്ക് വായനയ്ക്കും എഴുത്തുപരിശീലനത്തിനും ഉപയോഗിക്കുന്നു.

## Sentence Cards

ഇംഗ്ലീഷ് ലാബിൽ ശേഖരിക്കുന്ന വാക്യകാർഡുകൾ മുതിർന്ന ക്ലാസ്സിലെ (3, 4, 5) കുട്ടികൾക്ക് വായനയ്ക്കും വാക്യം ക്രമീകരിച്ച് വിവരണം തയ്യാറാക്കുന്നതിനും ഉപയോഗിക്കാവുന്ന രീതിയിലാണ് ക്രമീകരിക്കുന്നത്. ഇവ കൂടാതെ E-Reading ന് സജ്ജീകരിച്ചിട്ടുള്ള മോണിറ്ററിലൂടെ വാക്യങ്ങൾ നല്കി അവസരമുണ്ടാക്കുന്നു.

**ലൈബ്രറി**

'We Are One' ൽ എല്ലാ ക്ലാസ്സുകാർക്കും കാർക്കും വായനയ്ക്ക് ഉതകുന്ന ലൈബ്രറി തയ്യാറാക്കുന്നുണ്ട്. വലിയ അക്ഷരത്തിൽഉള്ള ചെറിയ കഥാപുസ്തകങ്ങൾ മുതൽ ആകർഷകമായ പുസ്തകശേഖരം (ഇംഗ്ലീഷ് മാത്രം) ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്.

**English News Paper**

"We Are One" ലേക്ക് ഒരു English News Paper എങ്കിലും എത്തിക്കാൻ പദ്ധതിയുണ്ട്. ഓരോ ദിവസും ഒരു പുതിയ വാക്കെങ്കിലും മനസ്സിലാക്കുന്നതിനും Meaning കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സവിശേഷകഴിവുള്ള കുട്ടികൾക്ക് News തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും പരിശീലിപ്പിക്കുക എന്നതുകൂടി ലക്ഷ്യമാണ്. ആകാശവാണിയിൽ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ന്യൂസ് അവതരണം നടത്തുന്നതും ലക്ഷ്യത്തിലുണ്ട്.

**ഇംഗ്ലീഷ് സിനിമ പ്രദർശനം**

ഭാഷ ആർജ്ജിക്കുന്നതിന് കുട്ടികൾക്ക് രസകരമായ മാധ്യമം സിനിമയാണ്. കുട്ടികൾക്കുള്ള ലഘുസിനിമകൾ, മൂല്യങ്ങൾ വളർത്തുന്നതിനും ഭാഷാപ്രയോഗം ശരിയായി ലഭിക്കുന്നതിനും സഹായിക്കും. ഇംഗ്ലീഷ് ഭാഷയുടെ ശരിയായ ഉച്ചാരണം, പ്രയോഗങ്ങൾ, ശൈലി എന്നിവ മനസ്സിലാക്കുന്നതിന് ഇത് വളരെ പ്രയോജനകരമായിരിക്കും എന്ന് വിലയിരുത്തുന്നു.

**Speaches**

പ്രമുഖരുടെ പ്രസംഗങ്ങൾ കേൾക്കാനുള്ള അവസരം ഇന്റർനെറ്റ് സൗകര്യങ്ങൾ (Malala's Speach, Indira Gandhi, Lincohn etc.) ഭാഷാവ്യവഹാര രൂപമായ Speach ചെയ്യുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു. സവിശേഷ കഴിവുള്ളവരെ കണ്ടെത്തി പൊതുവേദിയിൽ അവതരണത്തിന് അവസരം നൽകുന്നു.

**One day one Word**

ഒരു ദിവസം ഒരു വാക്ക് എന്ന രീതിയിൽ ഇംഗ്ലീഷ് വാക്കും അതിന്റെ അർത്ഥവും എല്ലാ ക്ലാസിലെയും കുട്ടികൾക്കും കൊടുക്കാൻ തീരുമാനിച്ചു.

ഇംഗ്ലീഷ് പഠനത്തിന് അതിന്റേതായ ഒരു അന്തരീക്ഷം ഒരുക്കലാണ് 'We Are One' എന്ന ഇംഗ്ലീഷ് ലാബിലൂടെ ഉദ്ദേശിക്കുന്നത്. ഒരു വിദേശ ഭാഷ എന്ന നിലയിൽ കൂടുതൽ ഇംഗ്ലീഷ് കേൾക്കുന്നതിനും പറയുന്നതിനും അതിനുള്ളിൽ അവസരം ഒരുക്കുന്നു. പിന്നാക്കക്കാരെ പൂർണ്ണമായും മുന്നോട്ടുകൊണ്ടുവരിക, ഭാഷാപഠനത്തിൽ ആശയവിനിമയത്തിനും ആസ്വാദനത്തിനും കൂടുതൽ അവസരം നൽകുക എന്നിവയും ഇതിലൂടെ ഉദ്ദേശിക്കുന്നു. ഇംഗ്ലീഷ് ലാബിൽ പ്രവേശിക്കുന്ന ഓരോ കുട്ടിക്കും ഭാഷ യോടുള്ള ഭയം ഒഴിവാക്കി സ്വതന്ത്രമായി പഠിക്കാനുള്ള കേന്ദ്രമായിക്കൂടി ഇതിനെ മാറ്റാൻ ഉദ്ദേശിക്കുന്നു. ഒന്നു മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ ഒന്നോ രണ്ടോ അദ്ധ്യാപകർതന്നെ സ്ഥിരമായി ക്ലാസ്സുകൾ നയിക്കുന്നതിലൂടെ പഠിതാവിനെ മനസ്സിലാക്കി പുതിയ തന്ത്രങ്ങൾ ഒരുക്കി കുട്ടികളെ അവരുടെ കഴിവുകൾക്കനുസരിച്ച് മുന്നോട്ടുനയിക്കാനും സവിശേഷ കഴിവുകൾ ഉള്ളവർക്ക് അവ പരിപോഷിപ്പിച്ച് ഉയർത്തു ന്നതിനും എളുപ്പം കഴിയും.

ഇംഗ്ലീഷ് ക്ലാസ്സുകളിൽ അത്യാവശ്യം വേണ്ട ഇംഗ്ലീഷ് -മലയാളം ഡിക്ഷണറി, ഇംഗ്ലീഷ്-ഇംഗ്ലീഷ് ഡിക്ഷണറി Rhymes, Story C D or other Items എന്നിവ പ്രത്യേക പ്രാധാന്യത്തോടെ സജ്ജീകരിക്കും.

ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം ഇവയും ഏകോപിപ്പിച്ച് ഒരു വർഷത്തിനുള്ളിൽ പഠിതാക്കളെ ഇംഗ്ലീഷിൽ പ്രാവീണ്യം ഉള്ളവരാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അക്കാദമിക് മാസ്റ്റർപ്ലാൻ-മുന്നേറ്റം-പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കു ന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ, സാമ്പത്തികം, സ്രോതസ്സ് എന്നിവ താഴെ സൂചിപ്പിക്കുന്നു.

**ക്രമീകരണങ്ങൾ**

എല്ലാ പഠനമുറികളിലും (പ്രീ-പ്രൈമറി ഉൾപ്പെടെ) Laptop, Projector അല്ലെങ്കിൽ Touch Screen Monitor System-6

**Speaker**

ക്ലാസ്സ് മുറികളിലും പുറത്ത് പ്രധാന സ്ഥലങ്ങളിലും-8 എണ്ണം

**ലൈബ്രറി പുസ്തകങ്ങൾ**

ഓരോ വിഷയത്തിന് ആവശ്യമുള്ളത്ര

ചിത്രങ്ങൾ

നിഘണ്ടു

ഡിക്ഷണറികൾ

ഇന്റർനെറ്റ് ഉപകരണങ്ങൾ

വിഷയ വിദഗ്ദ്ധരേയും അതിഥികളേയും (സ്പോർട്സ്, കല, യോഗ, സാഹിത്യം, പ്രവൃത്തിപരിചയം) എത്തിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സഹായം.

**പ്രതീക്ഷിത ചെലവ്**

എല്ലാ മുറികളിലും ഇന്റർനെറ്റ് ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനും മറ്റ് സജ്ജീക രണങ്ങൽക്കുമായി 15 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇത് പ്രാധാന്യം അനുസരിച്ച് രണ്ടോ മൂന്നോ വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നതാണ്. ആദ്യ വർഷത്തിൽ 5 ലക്ഷം രൂപ, രണ്ടാം വർഷം 5 ലക്ഷം മൂന്നാം വർഷം 5 ലക്ഷം എന്ന ക്രമത്തിൽ M. L. A.ഫണ്ട് M. P. ഫണ്ട് ലഭിക്കുന്നപക്ഷം ഈ പദ്ധതി നടപ്പാക്കി എടുക്കാൻ കഴിയുന്നതാണ്. അതിനുള്ള സഹായനടപടികൾ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പദ്ധതി സമർപ്പിക്കുന്നു.

**വിദ്യാലയവികസന രേഖ സംക്ഷിപ്ത രൂപം**

ഗവൺമെന്റ് എൽ.പി.എസ്. പൂവണത്തുംമൂടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾ ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വികസനപദ്ധതികൾ നടപ്പാക്കുന്നത് അത്യാവശ്യമാണ് എന്ന് കണ്ടെത്തുകയും അതാത് ഏജൻസികൾക്ക് മുന്നിൽ പദ്ധതി സമർപ്പിച്ച് അനുമതി നേടാനും തീരുമാനിച്ചു. നടത്തേണ്ട പ്രവർത്തനങ്ങളും സാമ്പത്തിക സ്രോതസ്സും പട്ടികപ്പെടുത്തി നടപ്പാക്കിത്തീർക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് ഉൾപ്പെടെ താഴെ കൊടുക്കുന്നു.

| ക്രമ. നം. | പ്രവർത്തനം | പ്രതീക്ഷിത ചെലവ് | നിർമ്മാണ കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1 | കമ്പ്യൂട്ടർ റൂം നവീകരണം ക്ലാസ്സ് മുറികൾ ഡിജിറ്റലൈസേഷൻ | 5 ലക്ഷം | 6 മാസം | എം.എൽ.എ ഫണ്ട് |
| 2 | ചുറ്റിമതിൽ നിർമ്മാണം | 10 ലക്ഷം | 1 വർഷം | എം.എൽ.എ ഫണ്ട് |
| 3 | പുതിയ 8 ക്ലാസ് മുറിയുള്ള കെട്ടിടനിർമ്മാണം | 50 ലക്ഷം | 1 വർഷം | എം.പി.ഫണ്ട് |

**ഇതളുകളിലെ പ്രവർത്തനങ്ങളുടെ സംഗ്രഹം ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ♦മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാനശേഷികൾ, ആശയങ്ങൾ ഇവയിൽ പരിമിതിയുള്ള കുട്ടികളെ മറികടക്കാൻ പിന്തുണ നൽകുക<br>♦ മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക. സംസ്കാരത്തിന്റെയും കലകളുടേയും വിനിമയ ഉപാധി എന്ന നിലയിൽ താത്പര്യം വളർത്തുക. 17, 1, 4, 7, 9, 11, 16 | ♦ ചിത്ര കാർഡുകൾ, വാക്യ കാർഡുകൾ എന്നിവ ക്ലാസിൽ ക്രമീകരിക്കുന്നു | 1, 2 | 2 മാസം | എസ്.എസ്.എ |
| | ♦ ഇ-റീഡിംഗ് അവസരം ക്ലാസിൽ സജീകരിക്കുന്ന ഐ.സി.ടി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും അതിലൂടെ വായന സജീവ മാക്കുന്നതിനും ഉള്ള പ്രവർത്തനം | 1, 2, 3, 4, 5 | 1 വർഷം | എം.എൽ.എ ഫണ്ട് |
| | ♦ പത്ര വായന, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഒന്നി ലധികം ദിനപത്രങ്ങൾ വായിച്ച് മേൽപറഞ്ഞിട്ടുള്ള രീതിയിൽ പ്രവർത്തനം സജ്ജമാക്കുന്നു | 1, 2, 3, 4, 5 | 1 വർഷം | പൂർവ്വ വിദ്യാർത്ഥി കൾ പി.ടി.എ |
| | ♦ ലൈബ്രറി<br>♦ ഡിജിറ്റൽ സാധ്യതകളുടെ ഉപയോഗം | 3, 4, 5 | മാസത്തിൽ ഒരു പ്രാവശ്യം | പൂർവ്വ വിദ്യാർത്ഥി കൾ പി.ടി.എ |
| | കലാകേന്ദ്രങ്ങൾ സന്ദർശനം വിദഗ്ധരായ കലാകാരൻ മാരിൽ നിന്നും പരിശീലനം ആകാശവാണി | 1, 2, 3, 4, 5 | 1 വർഷം | എം.എൽ.എ ഫണ്ട് |

**'കൗതുക ലോകം' പ്രവർത്തനങ്ങൾ - സംഗ്രഹം** **ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ♦ശാസ്ത്രത്തിൽ സവിശേഷ വൈഭങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.<br>♦എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക ശാസ്ത്ര ചിന്ത, ശാസ്ത്രബോധം<br>♦ ശാസ്ത്ര നൈപുണി, എൻക്വയറി സ്കിൽ ഇവ വികസിപ്പിക്കുക<br>6, 9, 15, 16 | ♦ ലഘു പരീക്ഷണങ്ങൾ<br>♦ ശാസ്ത്ര സ്ഥാപനങ്ങൾ സന്ദർശം<br>♦ ജൈവവൈവിധ്യ പാർക്ക്<br>♦ കർഷക അഭിമുഖം, കൃഷിയിട സന്ദർശനം<br>♦ കൃഷി ഉപകരണങ്ങൾ നിരീക്ഷണങ്ങൾ<br>♦ ജല സംരക്ഷണം<br>♦ ശാസ്ത്ര നാടകം<br>♦ ശാസ്ത്ര കഥകൾ<br>♦ ശാസ്ത്ര ഗാനങ്ങൾ<br>♦ സയൻസ് ലൈബ്രറി<br>♦ ഐ.സി.ടി ഉപയോഗം<br>ഡിജിറ്റൽ സാങ്കേതിക വിദ്യയോടുള്ള ഒരു ഹൈടെക് ശാസ്ത്ര പഠനമുറിയിലും ജൈവവൈവിധ്യ പാർക്കിലുമായാണ് കൂടുതൽ പ്രവർത്തനങ്ങളും സജ്ജമാക്കുന്നത്. | 1.5 | 1 വർഷം | എം.എൽ.എ ഫണ്ട്<br>എസ്.എസ്.എ ഗ്രാമ പഞ്ചായത്ത് |

**‘ഗണിത ശാല’ പ്രവർത്തനങ്ങൾ – സംഗ്രഹം** **ഗണിത പഠനം**

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ♦ഗണിത ശാസ്ത്രത്തിൽ വൈഭങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.<br>♦അടിസ്ഥാന ആശയങ്ങളിൽ പരിമിതിയുള്ള വരെ അത് മറി കടക്കാൻ സഹായിക്കുക<br>♦ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിവ് നേടുക<br>♦ ഗണിത ചിന്ത, യുക്തി ചിന്ത ഇവ വികസിപ്പിക്കുക.<br>♦ ഗണിത പഠനശേഷി വികസിപ്പിക്കുക | ♦ സാധന സംയുക്തമായ പഠനത്തിന് സജ്ജമാക്കിയ ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>♦ പാഴ്വസ്തുക്കളുടെ മറ്റും ഉപയോഗിച്ച് പ്രവർത്തി പരിചയത്തിലൂടെയുള്ള പഠനം (ക്ലോക്ക് നിർമ്മാണം നിശ്ചിത എണ്ണം, പൂക്കൾ നിർമ്മിക്കൽ എന്നിവ) | 1, 2 | 1 വർഷം | എസ്.ആർ.ജി |
| | ഘന രൂപങ്ങളുടേയും ജ്യാമിതീയ രൂപങ്ങളുടേയും നിർമ്മാണം | 3, 4, 5 | 1 വർഷം | എസ്.ആർ.ജി |
| | ♦ ടാൻഗ്രാം<br>സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ ഇവ പരിശീലിപ്പിക്കൽ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയുള്ള പ്രവർത്തനങ്ങൾ ഗണിത പഠനത്തിന് പ്രയോജപ്പെടുത്തുന്നു | 3, 4, 5 | 1 വർഷം | എം.എൽ.എ ഫണ്ട് |

## We are one (English Lab) പ്രവർത്തനങ്ങൾ - സംഗ്രഹം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ♦ഇംഗ്ലീഷ് പഠനത്തിൽ അടിസ്ഥാന ആശയങ്ങൾ, ശേഷികൾ, ഇവയിൽ പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക പരിമിതിയുള്ള വരെ അത് മറി കടക്കാൻ സഹായിക്കുക<br>♦ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിവ് നേടുക<br>♦ ഗണിത ചിന്ത, യുക്തി ചിന്ത ഇവ വികസിപ്പിക്കുക.<br>♦ ഗണിത പഠനശേഷി വികസിപ്പിക്കുക | ♦ പിക്ച്ചർ കാർഡ്<br>♦ പിക്ച്ചർ സ്റ്റോറീസ്<br>♦ വേൾഡ് കാർഡ്സ്, സെന്റൻസ് ഡിജിറ്റൽ സങ്കേതിക വിദ്യ ഉപയോഗിച്ച് ഇവയുടെ പ്രദർശനം<br>♦ ലൈബ്രറി<br>♦ ഇ-റീഡിംഗ്<br>♦ ഇംഗ്ലീഷ് ന്യൂസ് പേപ്പർ<br>♦ ഇംഗ്ലീഷ് സിനിമ പ്രദർശനം<br>♦ മഹാന്മാരുടേയും മഹതികളുടേയും പ്രസംഗങ്ങൾ | 1, 2<br>3, 4, 5<br>1 - 5 | 3 മാസം<br>1 വർഷം<br>1 വർഷം | എസ്.എസ്.എ<br>എം.എൽ.എ ഫണ്ട്<br>എം.എൽ.എ ഫണ്ട്<br>എം.എൽ.എ ഫണ്ട് |